# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ഫെബ്രുവരി 10, തിങ്കൾ

**നമ്പർ 165**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2024 ഒക്ടോബർ 8- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 717- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മേശപ്പുറത്തുവച്ചു.

ഗവർണ്ണറുടെ സന്ദേശം :

2025 ജനുവരി 23-ന് സഭ അംഗീകരിച്ച നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തിന് ഗവർണ്ണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി രൂപീകരിച്ചിട്ടുള്ള കിഫ്ബിയുടെ പ്രവർത്തനം താളം തെറ്റിയതായും അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിക്കാത്തതായും പറയപ്പെടുന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ശ്രദ്ധക്ഷണിക്കൽ :</u>

(1) സംസ്ഥാനത്ത് ഭൂമിയുടെ തരംമാറ്റം ഉൾപ്പെടെ നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾ എന്ത് തന്നെയായാലും പത്ത് സെന്റ് വരെയുള്ള കൈവശഭൂമിയിൽ സ്വന്തം ആവശ്യത്തിനായി വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ ആയി കരുതിക്കൊണ്ട് നിർമ്മാണം നടത്താൻ സാധിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. ഐ. മധുസൂദനൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാരുടെ ജോലി ഭാരവും കുറഞ്ഞ വേതനവും മൂലമുള്ള ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | കടൽ തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കുന്നതിന് നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 2. | ഡോ. എൻ. ജയരാജ് | മരണമടഞ്ഞ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3. | ശ്രീ. ഡി. കെ. മുരളി | പനവൂർ ഗവ. സ്കൂൾ മോഡൽ പ്രീപ്രൈമറി കെട്ടിട നിർമ്മാണം | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ | കോട്ടയം നഗരസഭയിലെ ക്രമക്കേട് സംബന്ധിച്ചുള്ള അന്വേഷണം | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. അൻവർ സാദത്ത് | സംസ്ഥാനത്ത് തെരുവ്നായ ആക്രമണം തടയുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 6. | ശ്രീ. മുഹമ്മദ് മുഹസിൻ | ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ.പി. പി. ചിത്തരഞ്ജൻ | കയർമേഖലയിലെ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8. | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻ കാവിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവർത്തി പുനരാരംഭിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. പി. സുമോദ് | തോലനൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10. | ശ്രീ. അനൂപ് ജേക്കബ് | പിറവത്തെ വിവിധ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി. കളുടെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ് :</u>

ധന വിനിയോഗ നിയമം പാസ്സായതിനുശേഷം ധനാഭ്യർത്ഥനകളിൽ എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന വെട്ടിക്കുറവ് വരുത്തിയതിനെതിനെതിരെ ബഹു. പ്രതിപക്ഷനേതാവ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചു. ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

" 2024-25 വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകൾ സഭ ചർച്ച ചെയ്ത് പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ധനവിനിയോഗ നിയമം (Appropriation Act) പാസ്സാക്കുകയും ചെയ്തതിന് ശേഷം പ്രസ്തുത നിയമപ്രകാരം അനുവദിക്കപ്പെട്ട തുകകളിൽ വെട്ടിക്കുറവ് വരുത്തുന്ന തരത്തിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി ഭരണഘടനാവ്യവസ്ഥകളുടെയും നിയമസഭ ചട്ടങ്ങളുടെയും നടപടി ക്രമങ്ങളുടെയും ലംഘനമാണെന്നും ആയത് പുനപരിശോധിക്കാൻ നടപടി ഉണ്ടാകണമെന്നുമാണ് ബഹു. പ്രതിപക്ഷനേതാവ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

ബഹു. ധനകാര്യവകുപ്പുമന്ത്രി ഇത് സംബന്ധിച്ച കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. ധനവിനിയോഗവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളും നമ്മുടെ സഭാ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

സമാനസ്വഭാവമുള്ള ഒരു ക്രമപ്രശ്നം 1987 ഡിസംബർ 2-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ അത് ചെയറിൽ നിന്നും വ്യക്തമായ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിൻ പ്രകാരം അപ്രോപ്രിയേഷൻ ആക്റ്റിലൂടെ ഓരോ ഡിമാൻറിൽ നിന്നും ചെലവാകുന്ന പരാമവധി തുകയാണ് സഭ നിശ്ചയിച്ച് അംഗീകാരം നൽകിയിരിക്കുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. ഏതെങ്കിലും സാഹചര്യത്തിൽ അധിക തുക ചെലവഴിക്കപ്പെട്ടാൽ അതിന് അധിക ധനാഭ്യർത്ഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ഇവിടെ ധനവിനിയോഗ നിയമത്തിലൂടെ സഭ അനുവദിച്ച തുകയിൽ കുറവുവരുത്തിയതു സംബന്ധിച്ച കാര്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. വേയ്സ് ആൻറ് മീൻസ് നില കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുകളും എന്നാണ് ചെയർ കാണുന്നത്. മുൻ കാലങ്ങളിലും ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ഇത് ഭരണഘടനാ വ്യവസ്ഥകളുടേയോ സഭയുടെ അവകാശങ്ങളുടേയോ ലംഘനമായി കാണാനാവില്ല. അതുകൊണ്ടുതന്നെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു."

ധനകാര്യം :

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ചിറ്റയം ഗോപകുമാർ, ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. എം. രാജഗോപാലൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. വി. ശശി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എം. എസ്. അരുൺകുമാർ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. റോജി എം. ജോൺ

ശ്രീ. ഐ. ബി. സതീഷ്.

ചർച്ച പൂർത്തിയായില്ല.

2025 ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.49- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

253/25

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, February 10, 2025*

**No. 165**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Questions:*

The corrected answer to unstarred question No.717 dated 8-10-2024 of Twelfth session of Fifteenth Kerala Legislative Assembly was laid on the Table by Shri K. Krishnankutty , Minister for Electricity.

*Message from the Governor:*

The Speaker reported to the House the Governor's reply to the Motion of Thanks which was adopted by the House on 23rd January 2025.

*Adjournment Motion (Rule 50) :*

Shri Roji M. John and five other Members had given a notice for moving an adjournment motion stating that the operations of KIIFB which was established with the primary objective of developing State's fundamental infrastructure is said to be in disarray and most of the approved projects could not be completed. On the ground of the explanation from the Minister for Finance, the Speaker denied leave to present the motion for adjournment.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri T. I. Madhusoodanan called the attention of the Chief Minister to the necessity to permit construction of self occupied houses with permissive sanction on land in possession up to ten cents irrespective of prevailing legal provisions including conversion of land. The Chief Minister made a statement thereto.

2. Shri Eldose P. Kunnappillil called the attention of the Minister for Health and Woman and Child Development to the hardships faced by the ASHA workers of the State in the health sector due to the workload and insufficient wages. The Minister for Health and Woman and Child Development made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | .(3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | കടൽ തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കുന്നതിന് നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 2. | ഡോ. എൻ. ജയരാജ് | മരണമടഞ്ഞ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3. | ശ്രീ. ഡി. കെ. മുരളി | പനവൂർ ഗവ. സ്കൂൾ മോഡൽ പ്രീപ്രൈമറി കെട്ടിട നിർമ്മാണം | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ | കോട്ടയം നഗരസഭയിലെ ക്രമക്കേട് സംബന്ധിച്ചുള്ള അന്വേഷണം | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. അൻവർ സാദത്ത് | സംസ്ഥാനത്ത് തെരുവ്നായ ആക്രമണം തടയുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 6. | ശ്രീ. മുഹമ്മദ് മുഹസിൻ | ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ.പി. പി. ചിത്തരഞ്ജൻ | കയർമേഖലയിലെ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8. | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻ കാവിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവർത്തി പുനരാരംഭിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. പി. സുമോദ് | തോലനൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10. | ശ്രീ. അനൂപ് ജേക്കബ് | പിറവത്തെ വിവിധ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി. കളുടെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling by the Speaker :*

The Leader of the Opposition raised a point of order regarding the cuts made through executive order on the demands for grants after passing of Appropriation Bill. The Minister for Finance replied. Speaker gave the following ruling on the said matter.

" 2024-25 വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകൾ സഭ ചർച്ച ചെയ്ത് പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ധനവിനിയോഗ നിയമം (Appropriation Act) പാസ്സാക്കുകയും ചെയ്തതിന് ശേഷം പ്രസ്തുത നിയമപ്രകാരം അനുവദിക്കപ്പെട്ട തുകകളിൽ വെട്ടിക്കുറവ് വരുത്തുന്ന തരത്തിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി ഭരണഘടനാവ്യവസ്ഥകളുടെയും നിയമസഭ ചട്ടങ്ങളുടെയും നടപടി ക്രമങ്ങളുടെയും ലംഘനമാണെന്നും ആയത് പുനപരിശോധിക്കാൻ നടപടി ഉണ്ടാകണമെന്നുമാണ് ബഹു.പ്രതിപക്ഷനേതാവ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

ബഹു. ധനകാര്യവകുപ്പുമന്ത്രി ഇത് സംബന്ധിച്ച കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. ധനവിനിയോഗവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളും നമ്മുടെ സഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

സമാനസ്വഭാവമുള്ള ഒരു ക്രമപ്രശ്നം 1987 ഡിസംബർ 2-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ അത് ചെയറിൽ നിന്നും വ്യക്തമായ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിൻ പ്രകാരം അപ്രോപ്രിയേഷൻ ആക്റ്റിലൂടെ ഓരോ ഡിമാൻറിൽ നിന്നും ചെലവാകുന്ന പരാമവധി തുകയാണ് സഭ നിശ്ചയിച്ച് അംഗീകാരം നൽകിയിരിക്കുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. ഏതെങ്കിലും സാഹചര്യത്തിൽ അധിക തുക ചെലവഴിക്കപ്പെട്ടാൽ അതിന് അധിക ധനാഭ്യർത്ഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ഇവിടെ ധനവിനിയോഗ നിയമത്തിലൂടെ സഭ അനുവദിച്ച തുകയിൽ കുറവുവരുത്തിയതു സംബന്ധിച്ച കാര്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. വേയ്സ് ആൻറ് മീൻസ് നില കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുകളും എന്നാണ് ചെയർ കാണുന്നത്. മുൻ കാലങ്ങളിലും ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ഇത് ഭരണഘടനാ വ്യവസ്ഥകളുടേയോ സഭയുടെ അവകാശങ്ങളുടേയോ ലംഘനമായി കാണാനാവില്ല. അതുകൊണ്ടുതന്നെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു."

*Financial Business:*

The General discussion on the budget for the financial year 2025-26 commenced. The following members took part in the discussion.

Shri Chittayam Gopakumar, Deputy Speaker

Shri M. Rajagopalan

Dr. Mathew Kuzhalnadan

Shri V. Sasi

Prof. Abid Hussain Thangal

Dr. N. Jayaraj

Shri P. J. Joseph

Shri K. D. Prasenan

Shri Thottathil Ravindran

Smt. U. Prathibha

Shri Sajeev Joseph

Shri P. Mammikutty

Shri M. S. Arun Kumar

Shri Thomas K. Thomas

Shri P. Ubaidulla

Shri G. S. Jayalal

Shri Roji M. John

Shri I. B. Satheesh.

The discussion was inconclusive.

The House adjourned at 3.49 p.m. to meet again at 9.00 a.m. on Tuesday, February 11, 2025.

Dr. N. Krishna Kumar,
*Secretary.*